# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേളകം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/109/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കേളകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/109/2023 തീയ്യതി: 20/03/2023

## കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2022 മുതൽ 18-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 19-01-2023 | 28-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-01-2023 | 28-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ. കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. സി. ടി. അനീഷ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ്. പി. കെ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. യോഷ്വ. എം. സി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 21-07-2021 |
| ശ്രീ. സുനിൽ. പി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 31-03-2022 |
| ശ്രീ. പ്രശാന്ത്. എം. ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 15-04-2021 |
| ശ്രീ. സുരേഷ് കുമാർ. സി. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 16-04-2021 | 31-10-2021 |
| ശ്രീ. മഹേഷ്. ടി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സുനിൽ. കെ. ജി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ്. സി. വി. | വി.ഇ.ഒ. കേളകം | 01-04-2021 | 26-11-2021 |
| ശ്രീമതി. ജോമോൾ ജോസ് | വി.ഇ.ഒ. കേളകം | 27-11-2021 | 14-02-2022 |
| ശ്രീ. മുജീബ്. വി. വി. | വി.ഇ.ഒ. കേളകം | 15-02-2022 | 31-03-2022 |
| ശ്രീ. സങ്കേത് കെ തടത്തിൽ | വി.ഇ.ഒ. അടക്കാത്തോട് | 01-04-2021 | 11-08-2021 |
| ശ്രീ. മനോജ്. സി. വി. | വി.ഇ.ഒ. അടക്കാത്തോട് | 12-08-2021 | 14-02-2022 |
| ശ്രീ. മുജീബ്. വി. വി. | വി.ഇ.ഒ. അടക്കാത്തോട് | 15-02-2022 | 31-03-2022 |
| ഡോ. ഹരിപ്രിയ | മെഡിക്കൽ ഓഫീസർ GAD | 01-04-2021 | 31-03-2022 |
| ഡോ. നീതു. ടി. കെ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലക്ഷ്മികുട്ടി. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുശ്രീ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി. സി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. കുമാരി. പി. കെ. | ഹെഡ് മാസ്റ്റർ | 01-04-2021 | 29-11-2021 |
| ശ്രീ. പ്രഭാകരൻ നമ്പ്യാർ. എം. | ഹെഡ് മാസ്റ്റർ | 30-11-2021 | 31-03-2022 |
| ഡോ. സുബിത്ത് പി. | മെഡിക്കൽ ഓഫീസർ, | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഭാസ്കർ | പി.എച്ച്.സി. | | |
| ഡോ. മനോജ് കുമാർ | മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി. | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക. | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം. | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമ സഭ | 1-10 |
| 13 | വസ്തുനികുതി - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചതിലെ അപാകം | 1-11 |
| 14 | വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണയത്തിലെ അപാകം -₹2032 യുടെ നഷ്ടം | 1-12 |
| 15 | ലോഡ്ജിംഗ് ഹൗസിന് പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ചു ₹5751 യുടെ നഷ്ടം | 1-13 |
| 16 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 18 | ഇ-ടെണ്ടർ ഫീ മുഴുവൻ തുകയും ലഭിച്ചില്ല | 1-16 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-17 |
| 20 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-18 |
| 21 | ഡി.എ കുടിശ്ശിക അനുവദിച്ചപ്പോൾ ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കിയില്ല | 1-19 |
| 22 | ഡഫേർഡ് സാലറി NPS വിഹിതം ഈടാക്കിയില്ല | 1-20 |
| 23 | പോത്തുകുട്ടി പരിപാലനം- അപാകതകൾ ₹144000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 24 | വീട്ടുവളപ്പിൽ ബയോഫ്ലോക്ക്-അക്കൗണ്ട് നമ്പർ മാറി തുക അനുവദിച്ചു- ₹34930 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 25 | അംഗൻവാടികൾക്ക് നെയിംബോർഡ് നിർമ്മിച്ച് നൽകൽ-₹65550 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 26 | ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ് -വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 27 | എസ്.എ വിഹിതം വിനിയോഗവിവരം ലഭ്യമല്ല | 1-25 |
| 28 | അതുല്യം-തുടർവിദ്യാഭ്യാസപരിപാടി അനുബന്ധ രേഖകൾ ഇല്ല | 1-26 |
| 29 | ഗവ.ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-27 |
| 30 | സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല | 1-28 |
| 31 | ഐ കെ എമ്മിന് വിഹിതം ന**ൽകൽ** - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 32 | വനിതാഗ്രൂപ്പുക**ൾ**ക്ക് മുട്ടക്കോഴി വിതരണം - അവലോകന റിപ്പോ**ർ**ട്ടില്ല | 1-30 |
| 33 | ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം | 1-31 |
| ഭാഗം **2** | | |
| 1 | വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണയത്തിലെ അപാകം -₹2032 യുടെ നഷ്ടം | 2-1 |
| 2 | ലോഡ്ജിംഗ് ഹൗസിന് പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ചു ₹5751 യുടെ നഷ്ടം | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കേളകം ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ ബജറ്റ് 19-2-2021 ലെ 30/2021 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5413702 |
| വരവ് | 229426827 |
| ആകെ | 234840529 |
| ചെലവ് | 232868827 |
| നീക്കിയിരിപ്പ് | 1971702 |

### 1-1-1 പുതുക്കിയ ബജറ്റ്

കേളകം ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 23-3-2022 ലെ 27/2022 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5247222 |
| വരവ് | 221800627 |
| ആകെ | 227047849 |
| ചെലവ് | 224119697 |
| നീക്കിയിരിപ്പ് | 2928152 |

### 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2022 | 02-07-2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് വരവിനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ RP-33 യിൽ കാണിച്ച തുകയും ഡെപോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും താഴെ കൊടുത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | AFSപ്രകാരം തുക (RP-33) | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തുക |
|---|---|---|---|
| 1 | Other Deposits | 4015 | 4515 |
| 2 | Road Cutting Deposits | 500 | 1500 |
| 3 | Suppliers Security Deposit | 4000 | 10600 |

2. ഡെപ്പോസിറ്റ് ചെലവിനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ RP-33 യിൽ കാണിച്ച തുകയും ഡെപോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും താഴെ കൊടുത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | AFS പ്രകാരം തുക (RP-33) | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തുക |
|---|---|---|---|
| 1 | Suppliers Security Deposit | 6880 | 13480 |

3.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി

സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

4. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(ഇ), (എഫ്) എന്നിവ പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

5. മാർച്ച് മാസത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീ, കരാർ ജീവനക്കാരുടെ വേതനം തുടങ്ങിയവ B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 18175798 |
| വരവ് | 72524915 |
| ആകെ | 90700713 |
| ചെലവ് | 71652449 |
| നീക്കിയിരിപ്പ് | 19048264 |
| വരവിനങ്ങളിലെ നഷ്ടം | 7783 |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 244480 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15534264 | 15534264 | 14879859 | 654405 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 700124 | 700124 | 699000 | 1124 |
| വികസന ഫണ്ട്-'ടി എസ് പി | 0 | 2972514 | 2972514 | 2904000 | 68514 |
| മെയിന്റനൻസ്, റോഡ് | 0 | 12965000 | 12965000 | 10935516 | 2029484 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5661904 | 5661904 | 2868254 | 2793650 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 3074281 | 3074281 | 3074057 | 224 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 8079804 | 8079804 | 3082638 | 4997166 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| എസ്.എസ്.എ. | 11185 | 325 | 11510 | 0 | 11510 |

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | 362350 | 746364 | 1108714 | 665577 | 443137 |
| എം പി ഫണ്ട് | 98190 | 2145 | 100335 | 18 | 100317 |
| ടി എസ് സി | 498086 | 14292 | 512378 | 33507 | 478871 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി യവർക്കുള്ള ബോണസ് | 0 | 146000 | 146000 | 146000 | 0 |
| എം എൻ ആർ ഇ ജി എസ് | 2276 | 45347956 | 45350232 | 45345704 | 4528 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 25627 | 384 | 26011 | 0 | 26011 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| ലൈഫ് സംസ്ഥാന വിഹിതം | 1800000 | 0 | 1800000 | 1800000 | 0 |
| അംഗൻവാടികളിൽ നെയിംബോർഡ് | 69000 | 0 | 69000 | 65550 | 3450 |
| ഐ ടി ഡി പി | 937304 | 27232 | 964536 | 0 | 964536 |
| വിമുക്തി | 2874 | 0 | 2874 | 0 | 2874 |
| അവാർഡ് തുക | 509756 | 0 | 509756 | 0 | 509756 |

2020-21 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് സമർപ്പിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം)പദ്ധതി അവലോകനം. | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 165 | 86585457 | 135 | 55317573 | 21 | 30 | 69.09 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 22 | 18 | 4755557 | 3675521 | 77.29 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 1966366 | 1486627 | 75.6 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 54 | 29390363 | 18402105 | 62.61 |
| 4 | കൃഷി ഓഫീസർ | 5 | 5 | 2106520 | 1372381 | 65.15 |
| 5 | വി.ഇ.ഒ. കേളകം | 5 | 3 | 2022820 | 572300 | 28.29 |
| 6 | വി.ഇ.ഒ. അടക്കാത്തോട് | 13 | 11 | 27819668 | 15861910 | 57.02 |
| 7 | മെഡിക്കൽ ഓഫീസർ PHC | 6 | 6 | 2698901 | 2297412 | 85.12 |
| 8 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 500000 | 500000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 150000 | 150000 | 100 |
| 10 | വെറ്ററിനറി സർജൻ | 4 | 4 | 2661778 | 1355560 | 50.93 |
| 11 | ICDS സൂപ്പർവൈസർ | 11 | 11 | 4292055 | 4118387 | 95.95 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4222430 | 2839430 | 67.25 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 3 | 3 | 1469747 | 302211 | 20.56 |
| 14 | ഹെഡ് മാസ്റ്റർ | 7 | 7 | 2529252 | 2383729 | 94.25 |
| | ആകെ | 165 | 135 | 86585457 | 55317573 | 63.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2276 | 590968 | 593244 | 588716 | 4528 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44756988 | 44756988 | 44756988 | 0 |
| ആകെ | 2276 | 45347956 | 45350232 | 45345704 | 4528 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽരഹിത വേതനം | 1 | 2040 |
| കർഷകതൊഴിലാളി പെൻഷൻ | 83 | 1200600 |
| വിധവാ പെൻഷൻ | 598 | 9028200 |
| വാർദ്ധക്യകാല പെൻഷൻ | 1906 | 25999600 |
| വികലാംഗ പെൻഷൻ | 250 | 3909600 |
| അവിവാഹിത പെൻഷൻ | 17 | 256000 |
| വിവാഹ ധനസഹായം | 6 | 180000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-1-2023 ന് 3.25 Pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,228 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം 5/2021, 6/2021, 7/2021 എന്നിവ ഒഴികെയുള്ള മാസങ്ങളിൽ സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുണ്ട്. സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നതിനുള്ള തീരുമാനങ്ങൾ യോഗങ്ങളി എടുക്കുകയും ചെയ്തിട്ടുണ്ട്. നികുതി പിരിവിലെ പുരോഗതി അവലോകനം ചെയ്യുകയും പഞ്ചായത്തിന്റെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് സ്റ്റാഫ് മീറ്റിംഗുകളിൽ നിർദ്ദേശമുയർന്നിട്ടുണ്ടെങ്കിലും തുടർ

നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പത്തൊൻപത് വാർഡുകളിലും തൻവർഷം 1/2022, 2/2022 എന്നീ മാസങ്ങളിൽ രണ്ട് തവണയാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-11 വസ്തുനികുതി - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചതിലെ അപാകം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം വസ്തുനികുതി നിർണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ ഇളവുകളും വർദ്ധനവും എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം ഒന്നര മീറ്ററോ അതിൽ കുറവോ ഉള്ള വഴിയാണെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 10% ഇളവും അഞ്ചു മീറ്ററോ അതിൽ കൂടുതലോ ആണെങ്കിൽ 20% വർദ്ധനവും അഞ്ചു മീറ്ററിൽ കുറവും ഒന്നരമീറ്ററിൽ കൂടുതലുള്ളതുമാണെങ്കിൽ ഇളവ്, വർദ്ധനവ് അനുവദിക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ അംഗീകരിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വഴി സൗകര്യം പരിഗണിക്കാതെ അടിസ്ഥാന വസ്തുനികുതിയിൻ മേൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട ഉടമ സ്ഥൻ | കെട്ടിട നമ്പർ | വിസ്തീർണ്ണം $M^2$ | അനുവദിച്ച ഇളവുകൾ/ വർദ്ധനവ് | സൈറ്റ് പ്ലാൻ പ്രകാര മുള്ള വഴി സൗകര്യം | അനുവദി ക്കേണ്ട ഇളവുകൾ /വർദ്ധനവ് | ഡിമാന്റ് ചെയ്ത നികുതി- (ഗ്രന്ഥ ശാല വരി5% ഉൾപ്പടെ) ₹4/$m^2$ | ഡിമാന്റ് ചെയ്യേണ്ട നികുതി- (ഗ്രന്ഥ ശാല വരി5% ഉൾപ്പടെ) ₹4/$m^2$ |
|---|---|---|---|---|---|---|---|---|
| 1 | നിഷാദ്, നികേഷ് | 10/26A | 142.79 | മേഖല-10% ഇളവ് വഴി സൗകര്യം- ഇളവ്, വർദ്ധനവ് ഇല്ല | 6 മീറ്റർ വീതിയുള്ള റോഡ് | മേഖല-10% ഇളവ് വഴി സൗകര്യം- 20% വർദ്ധനവ് | 541 | 660 |
| 2 | ജോയ്. പി. ടി. | 4/272 B | 196.04 | മേഖല-10% ഇളവ് വഴി സൗകര്യം- 10% ഇളവ് | 4 മീറ്റർ വീതിയുള്ള റോഡ് | മേഖല-10% ഇളവ് വഴി സൗകര്യം- ഇളവ്, വർദ്ധനവ് ഇല്ല | 660 | 741 |
| 3 | ബിന്ദു വർഗീസ് | 3/326 | 104.8- നിലവിലുള്ളത് 79.56 -കൂട്ടി ചേർത്തത് | മേഖല-10% ഇളവ് വഴി സൗകര്യം- ഇളവ്/ വർദ്ധനവ് ഇല്ല കാലപ്പഴക്കം- 10% ഇളവ് | 6 മീറ്റർ വീതിയുള്ള റോഡ് | മേഖല-10% ഇളവ് വഴി സൗകര്യം- 20%വർദ്ധനവ് | 620 | 353+368 =721 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | വഴി | | | | | |

മേൽ അപാകം സംബന്ധിച്ച് 4/23-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർ നിർണയം നടത്തി അപാകം പരിഹരിക്കേണ്ടതും നഷ്ടമായ തുക ഈടാക്കേണ്ടതുമാണ്.

## 1-12 വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണയത്തിലെ അപാകം -₹2032 യുടെ നഷ്ടം

സെക്രട്ടറി/പ്രസിഡന്റ്, പൊൻപുലരി, സ്വാശ്രയ സംഘം, അടക്കാത്തോട് എന്നിവരുടെ ഉടമസ്ഥതയിലുള്ള 45.26 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള 8/121 B നമ്പർ കെട്ടിടത്തിന് 2021-22 സാമ്പത്തിക വർഷം നികുതി നിർണയം നടത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം നം A3-3068/19 തീയതി 21-8-2019 പ്രകാരം Group – F, Commercial വിഭാഗത്തിലുൾപ്പെടുത്തിയാണ് റഗുലറൈസ് ചെയ്തിട്ടുള്ളത്. ആയത് പ്രകാരം കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനായി നമ്പർ അനുവദിക്കുന്നതിനായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ $M^2$ന് ₹4 അടിസ്ഥാന വസ്തു നികുതി നിരക്ക് കണക്കാക്കിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. ഇപ്രകാരം നികുതി നിർണയിച്ചിട്ടുള്ളതിനാൽ വസ്തുനികുതി ഇനത്തിൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | വിസ്തീർണം | ഇളവ്/വർദ്ധനവ് | ഡിമാന്റ് ചെയ്ത നികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) ₹4/$m^2$ | ഡിമാന്റ് ചെയ്യേണ്ട നികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹45/$m^2$ | കുറവ് |
|---|---|---|---|---|---|
| 8/121 B | 42.56 | മേഖല-ദ്വിതീയം 10%-ഇളവ് വഴി സൗകര്യം- 5 മീറ്ററിൽ കൂടുതൽ - 20% വർദ്ധനവ് | ₹180 | ₹2212 | ₹2032 |

വസ്തുനികുതി നിർണ്ണയത്തിലെ മേൽ അപാകം സംബന്ധിച്ച് 7/23-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണയം നടത്തി നഷ്ടമായ ₹2032 ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലോഡ്ജിംഗ് ഹൗസിന് പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ച ₹5751 യുടെ നഷ്ടം

ശ്രീ. ഷാജി ജോസഫ്, വണ്ടനാനിക്കൽ, മഞ്ഞളാംപുറം, എന്നവരുടെ താഴെ പറയുന്ന കെട്ടിടത്തിന്റെ താഴത്തെ നില വാണിജ്യ ആവശ്യമെന്ന തരത്തിലും ഒന്നാം നില പാർപ്പിട ആവശ്യത്തിനെന്ന തരത്തിലും അടിസ്ഥാന വസ്തുനികുതി നികുതി നിർണ്ണയിച്ചിട്ടുണ്ട്. നമ്പറിങ്ങിനായുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ, ഒന്നാം നിലയിൽ പ്രത്യേകം ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ 5 മുറികളും ഒരു പൊതുവായ അടുക്കളയുമുള്ള ലോഡ്ജിംഗ് ആവശ്യത്തിനായി ഉപയോഗിക്കാവുന്ന തരത്തിലാണ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളത്. ലോഡ്ജിംഗ് ആവശ്യത്തിനെന്ന തരത്തിൽ ഒരു ചതുരശ്ര മീറ്ററിന് ₹30 അടിസ്ഥാന വസ്തുനികുതി കണക്കാക്കി നികുതി നിർണയിച്ചിട്ടില്ല. റസിഡൻഷ്യൽ ഫ്ലാറ്റുകൾ എന്ന വിഭാഗത്തിലുൾപ്പെടുത്തി ഒരു ചതുരശ്ര മീറ്ററിന് ₹4 നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്.

ഫയൽ നമ്പർ : A3/3345/21 തീയതി : 23-7-2021

കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം : 278.58 ച.മീ

താഴത്തെ നില : 102.89 $M^2$ ഒന്നാം നില : 175.69 $M^2$

മേഖല : പ്രഥമം

വഴി സൗകര്യം : 5 മീറ്ററിൽ കൂടുതൽ

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($M^2$ ൽ) | ഡിമാന്റ് ചെയ്ത വാർഷിക വസ്തുനികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) | ഡിമാന്റ് ചെയ്യേണ്ട വാർഷിക വസ്തുനികുതി (ഗ്രന്ഥശാല വരി5% | കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|

| | | | ₹4/ച.മീ | ഉൾപ്പടെ) ₹30/ച.മീ ₹ | | |
|---|---|---|---|---|---|---|
| 1 | 12/101E | 29.27 | 149 | 1107 | 958 | വഴി സൗകര്യം-20% വർദ്ധനവ് |
| 2 | 12/101F | 29.27 | 149 | 1107 | 958 | |
| 3 | 12/101G | 58.61 | 297 | 2216 | 1919 | |
| 4 | 12/101H | 29.27 | 149 | 1107 | 958 | |
| 5 | 12/101J | 29.27 | 149 | 1107 | 958 | |
| | ആകെ | | 893 | 6644 | 5751 | |

മേൽ അപാകം സംബന്ധിച്ച് 6/23-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണയം നടത്തി അപാകം പരിഹരിക്കേണ്ടതും നഷ്ടമായ ₹5751 കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കളക്ഷൻ രജിസ്റ്ററിൽ പരിശോധിച്ചതിൽ പ്രകാരം താഴെ ചേർത്ത മൊബൈൽ ടവറിന് 2019-20 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ വസ്തു നികുതി ഇനത്തിൽ ₹51030 കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| വാർഡ് /കെട്ടിട നമ്പർ | ഉടമസ്ഥൻ | വാർഷിക നികുതി ₹ | കുടിശ്ശിക ₹ |
|---|---|---|---|
| 12/472 | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എ. പി ആർക്കേഡ് എസ്. എ. റോഡ് കടവന്ത്ര | 17010 | 17010 X 3 =51030 |

കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് 8/23.01.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക അടവു വരുത്തുന്നതിനായി ഉടൻ നടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ബെന്നി മാത്യു | 13/305 | ചീരംവേലിൽ ടിമ്പേഴ്സ് & സോമില്ല് | 6 |
| 2 | ഗോപി. പി. എൻ. | 13/94 | കൈലാസ് ഹോട്ടൽ | 3 |
| 3 | സന്തോഷ് തോമസ് | 12/467 | കെയ്റോഡ് ബിൽഡിംഗ് മെറ്റീരിയൽ | 2 |
| 4 | വത്സമ്മ സെബാസ്റ്റ്യൻ | 13/102 | ഐഡിയൽ ട്രേഡേഴ്സ് | 3 |
| 5 | റഊഫ് കീഴടത്ത് | 13/774 | ഗ്രാന്റ് സൂപ്പർ മാർക്കറ്റ് | 2 |

| | | | | |
|---|---|---|---|---|
| 6 | വിനീത്. ടി. ആർ. | 13/274D | ടി ആർ ഓട്ടോ മൊബൈൽസ് | 3 |
| 7 | സജിത്ത്. എം. ആർ. | 10/336F | ഹോട്ടൽ അച്ചൂസ് | 4 |
| 8 | തനിമ സംരംഭക ഗ്രൂപ്പ് | 3/77 | തനിമ കാറ്ററിംഗ് യൂണിറ്റ് | 5 |
| 9 | തോമസ് മാത്യൂ | 13/127 | വാളുവെട്ടിക്കൽ ട്രേഡിംഗ് കമ്പനി | 2 |
| 10 | ഷർമ്മിള ടോമി | 13/227 A | വാളുവെട്ടിക്കൽ അസോസിയേറ്റ്സ് | 2 |
| 11 | ലൂക്കാൻ | 13/815, 816 | കേരള ട്രേഡേഴ്സ് | 2 |
| 12 | മാർട്ടിൻ തങ്കച്ചൻ | 13/152C, 152B | നാഷണൽ സൂപ്പർമാർക്കറ്റ് | 2 |
| 13 | രജീഷ്. വി. ആർ. | 13/225 P ,Q | പോഷ് ഫാമിലി മേക്ക് ഓവർ സെന്റർ | 4 |
| 14 | കെ. സുനിൽ കുമാർ | ലഭ്യമല്ല | അച്ചൂസ് ഒപ്റ്റിക്കൽസ് | 3 |
| 15 | പി. എ. ദേവസ്യ | 13/255,256,257 | ഐഡിയൽ ട്രേഡിംഗ് കമ്പനി | 2 |
| 16 | ജോസഫ് കാരക്കാട്ട് | 13/727 | പ്രൊവിഡൻസ് പമ്പ് വർക്ക്സ് | 5 |
| 17 | ഗിഫ്റ്റ്സൺ എബി | 13/372 | ദി ചോക്ലേറ്റ് ബീൻസ് | 4 |
| 18 | നൗഷാദ്. വി. | 13/56 | ബിൽഡ് മാർട്ട് | 6 |
| 19 | രവീന്ദ്രൻ നായർ | 13/795 | രമ്യ ഐ കെയർ ഒപ്റ്റിക്കൽസ് | 3 |
| 20 | ജയപ്രകാശ്. പി. പി. | 12/313 | ലയ എന്റർപ്രൈസസ് | 2 |
| 21 | വിമൽ. പി. കെ. | 10/367 | പി കെ മോട്ടേഴ്സ് | 3 |
| 22 | സെക്രട്ടറി, പ്രസിഡന്റ് ജനകീയ ഹോട്ടൽ | 13/957A | ഹോട്ടൽ | 3 |
| 23 | ബേബി. കെ. വി. | 10/344 A, B | കക്കാടൻസ് ഹോട്ടൽ | 3 |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് 5/23-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീ മുഴുവൻ തുകയും ലഭിച്ചില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ലഭ്യമാക്കുന്നതിന് 9/23-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2014-15 വർഷം മുതൽ 2021-22 വരെയുള്ള ടെണ്ടർ ഫീയായ ₹416451 യിൽ 154459/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും 2018-19 മുതൽ 2021-22 വരെയുള്ള ഇ-ടെണ്ടർ ഫീ ₹261992 ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ ബാക്കിയുണ്ടെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ-ടെണ്ടർ ഫീ തുക ₹ | ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എജിനീയറിൽ നിന്നും ലഭിച്ച തുക ₹ | തിരികെ ലഭിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| 1 | 2014-15 | 20475 | 20475 | ഇല്ല |
| 2 | 2015-16 | 28140 | 28140 | ഇല്ല |
| 3 | 2016-17 | 41480 | 41480 | ഇല്ല |
| 4 | 2017-18 | 64364 | 64364 | ഇല്ല |
| 5 | 2018-19 | 124716 | ഇല്ല | 124716 |
| 6 | 2019-20 | 38646 | ഇല്ല | 38646 |
| 7 | 2020-21 | 35700 | ഇല്ല | 35700 |
| 8 | 2021-22 | 62930 | ഇല്ല | 62930 |
| | ആകെ | 416451 | 154459 | 261992 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-1-2020 ലെ എസി 1/125/2019 തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ 2021-22 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നടപടി എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് 25/28.01.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ വിഷയത്തിൽ എത്രയും പെട്ടെന്ന് നടപടി എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു

സംബന്ധിച്ച് 05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപ് ലാസ്റ്റ് ഗ്രേഡ്, പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ അല്ലാത്ത മറ്റ് 9 ജീവനക്കാർക്കും 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ ആയി ആകെ ₹360527 (വൗച്ചർ നമ്പർ 22100157/1-6-2021) അനുവദിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31-05-2021 ലെ TRY/1850/2021-E1 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തന്നെ ഗ്രാമപഞ്ചായത്തിൽ ജീവനക്കാർ ആർജ്ജിതാവധി പണമായി മാറ്റിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | യോഷ്വ. എം. സി. | അസി സെക്രട്ടറി | 62715 | 22100157/1-6-2021 |
| 2 | സയീദ്. ടി. കെ. | അക്കൗണ്ടന്റ് | 53058 | |
| 3 | എൽദോസ് വർഗീസ് | സീനിയർ ക്ലാർക്ക് | 41259 | |
| 4 | ഹംസീർ. സി. | സീനിയർ ക്ലാർക്ക് | 41514 | |
| 5 | ശ്രീകുമാർ പാൽമി | സീനിയർ ക്ലാർക്ക് | 41514 | |
| 6 | അനുപ്രിയ. പി. കെ. | സീനിയർ ക്ലാർക്ക് | 31053 | |
| 7 | പ്രിയ രാമൻ | ക്ലാർക്ക് | 30304 | |
| 8 | വിപിൻ. സി. വി. | ക്ലാർക്ക് | 30304 | |
| 9 | നന്ദിക. എൻ. | ഓഫീസ് അറ്റന്റന്റ് | 28806 | |
| | ആകെ | | 360527 | |

26-07-2021 ലെ ജി. ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01-06-2021 മുതൽ 6 മാസത്തേക്കുകൂടിയും പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവുകൾ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഡി.എ കുടിശ്ശിക അനുവദിച്ചപ്പോൾ ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കിയില്ല

G.O (P) No.20/2013 Dt. 7-1-2013 ഉത്തരവ് പ്രകാരം 01-04-2013 മുതൽ ജീവനക്കാരുടെ ശമ്പളം, ഡിഎ എന്നിവയുടെ 10% ദേശീയ പെൻഷൻ പദ്ധതിയിലേക്ക് ഈടാക്കേണ്ടതാണ് എന്നാൽ വൗച്ചർ നമ്പർ 22100055/28-4-2021 പ്രകാരമുള്ള ₹712344 യിൽ നിന്നും വൗച്ചർ നമ്പർ 22100056/28-4-2021 പ്രകാരമുള്ള ₹228786 യിൽ നിന്നും ഡി എ

കുടിശ്ശിക പിഎഫിലേക്ക് ലയിപ്പിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ജീവനക്കാർക്ക് ഡി എ കുടിശ്ശിക അനുവദിക്കുമ്പോൾ 10% തുക പെൻഷൻ പദ്ധതിയിലേക്ക് ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ഷാജൻ. കെ. | ക്ലാർക്ക് |
| 2 | അനുപ്രിയ. പി. കെ. | ക്ലാർക്ക് |
| 3 | പ്രിയ രാമൻ | ക്ലാർക്ക് |
| 4 | വിപിൻ. സി. വി. | ക്ലാർക്ക് |
| 5 | നന്ദിക. എൻ. | ഓഫീസ് അറ്റൻന്റ് |

ഡി.എ കുടിശ്ശിക അനുവദിച്ചതിൽ നിന്നും ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഡഫേർഡ് സാലറി NPS വിഹിതം ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറി ഉൾപ്പടെയുള്ള 17 ജീവനക്കാർക്ക് 2020 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ മാറ്റിവച്ച ശമ്പളം ഇനത്തിൽ ₹451751 വൌച്ചർ നമ്പർ 22100152/02-06-2021 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ നൽകിയ ശമ്പളത്തിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരുടെ NPS വിഹിതം ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | തുക ₹ |
|---|---|---|---|
| 1 | ഷാജൻ. കെ. | ക്ലർക്ക് | 3327 |
| 2 | അനുപ്രിയ. കെ. | ക്ലർക്ക് | 2985 |
| 3 | പ്രിയ രാമൻ | ക്ലർക്ക് | 2910 |
| 4 | വിപിൻ. സി. വി. | ക്ലർക്ക് | 2910 |
| 5 | നന്ദിക. എൻ. | O. A | 2760 |

NPS വിഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 പോത്തുകുട്ടി പരിപാലനം- അപാകതകൾ ₹144000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ | |
| പ്രോജക്ട് നമ്പർ / പേര് | 51/22 | പോത്തുകുട്ടി പരിപാലനം |
| അടങ്കൽ | ₹186000 | വികസന ഫണ്ട് |
| ചെലവ് | ₹144000 | ബിൽ നമ്പർ / തീയ്യതി : P3/22/26-3-2022 |

ഗ്രാമ പഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് പോത്തു കുട്ടികളെ വിതരണം ചെയ്യുന്ന മേൽ പദ്ധതി പ്രകാരം 22 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ ₹144000 നൽകിയിട്ടുണ്ട്. 20 ഗുണഭോക്താക്കൾക്ക് ₹6000 വീതവും 2 ഗുണഭോക്താക്കൾക്ക് ₹12000 വീതവുമാണ് സബ്സിഡി നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ പദ്ധതി അനുകൂല്യത്തിനായി നൽകിയ അപേക്ഷ, പോത്തു കുട്ടികളെ വിൽപ്പന നടത്തിയവരുടെ പേര് വിവരം, പോത്തു കുട്ടികളെ ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹144000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വീട്ടുവളപ്പിൽ ബയോഫ്ലോക്ക്-അക്കൗണ്ട് നമ്പർ മാറി തുക അനുവദിച്ചു-₹34930 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ/പേര് | 48/22 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് (ഗിഫ്റ്റ്തിലാപ്പിയ) |
| അടങ്കൽ | 54145 വികസന ഫണ്ട് - ജനറൽ<br>₹54144 സംസ്ഥാനാവിഷ്കൃത ഫണ്ട് |

| | |
|---|---|
| | ₹54145 ജില്ലാപഞ്ചായത്ത് വിഹിതം<br>₹248400 മറ്റുള്ളവ<br>ആകെ : ₹410834 |
| ചെലവ് | ₹54145<br>ബിൽ നമ്പർ : 5/21-22/23-3-2022<br>₹54145<br>ബിൽ നമ്പർ : 6/21-22/31-3-2022<br>ആകെ : ₹108290 |

പ്രൊജക്ട് നമ്പർ 48/22 പ്രകാരം ശ്രീമതി. മേരി ജോസഫ് എന്ന ഗുണഭോക്താവിന് ₹34930 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ പകർപ്പിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പറും ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | | ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച ബില്ല് പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | |
|---|---|---|---|---|
| | IFSC Code | അക്കൗണ്ട് നമ്പർ | IFSC Code | അക്കൗണ്ട് നമ്പർ |
| മേരി ജോസഫ് | CNRB0014258 | 4258200010732 | KLGB0040441 | 40441100005798 |

മേൽ അപാകം സംബന്ധിച്ച് 12/25-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹34930 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 അംഗൻവാടികൾക്ക് നെയിംബോർഡ് നിർമ്മിച്ച് നൽകൽ-₹65550 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 182/22<br>അംഗൻവാടികൾക്ക് നെയിംബോർഡ് നിർമ്മിച്ച് നൽകൽ |
| അടങ്കൽ | ₹69000 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| ചെലവ് | ₹65550 ചെക്ക് നമ്പർ : 025213/24-3-2022 |

മേൽ പ്രൊജക്ട് പ്രകാരം 23 അംഗൻവാടികളിൽ നെയിംബോർഡ് സ്ഥാപിച്ചതിന് ഒരു നെയിംബോർഡിന് ₹2850 നിരക്കിൽ ആകെ ₹65550 ശ്രീ. അശോകൻ. കെ ബ്രദേഴ്സ് പ്രസ്സ് കേളകം എന്നവർക്ക് നൽകിയിട്ടുണ്ട്. 4 അടി നീളം, 3 അടി വീതി, GI Square Pipe ഫ്രയിം എന്നീ സ്പെസിഫിക്കേഷനുള്ള നെയിംബോർഡ് സ്ഥാപിക്കുന്നതിനായി ലഭിച്ച രണ്ട് ടെണ്ടറുകളിൽ സ്ഥാപനം രേഖപ്പെടുത്തിയ വിലയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | രേഖപ്പെടുത്തിയ വില |
|---|---|---|
| 1 | അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, ഒളവണ്ണ | 16 ഗേജ് പൈപ്പ് – ₹2890<br>18 ഗേജ് പൈപ്പ് – ₹2790<br>20 ഗേജ് പൈപ്പ് – ₹2690 |
| 2 | ബ്രദേഴ്സ് പ്രസ്സ്, കേളകം | ₹2850 |

മേൽ ടെണ്ടറുകളിൽ ബ്രദേഴ്സ് പ്രസ്സ് കേളകം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച ടെണ്ടറിലോ ബില്ലിലോ എത്ര ഗേജ് പൈപ്പ് കൊണ്ട് നിർമ്മിച്ച ബോർഡാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എപ്രകാരമാണ് സെലക്ട് ചെയ്തതെന്ന് വ്യക്തമല്ല. കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ്, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പ്രൊക്യൂർമെന്റ് കമ്മിററി മിനട്സ് പരിശോധിച്ചതിൽ വാങ്ങലുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. മേൽ അപാകം സംബന്ധിച്ച് നൽകിയ 17/27-1-23

നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, ഒളവണ്ണ എന്ന സ്ഥാപനം ക്വാട്ട് ചെയ്ത ₹2790, ₹2690 എന്നീ നെയിംബോർഡുകൾ ഒഴിവാക്കി ബ്രദേഴ്സ് പ്രസ്സ്, കേളകം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹65550 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ് -വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 47/22<br>ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹96500 ബിൽ നമ്പർ 17/21-22/30-3-2022 |

മേൽ പ്രൊജക്റ്റ് പ്രകാരം ₹96500 യ്ക്ക് കെൽട്രോണിൽ നിന്നും 14 ഹിയറിംഗ് എയ്ഡ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ വിതരണ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത നാല് ഗുണഭോക്താക്കൾ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകളില്ല.

1.മിനി സ്കറിയ, പനച്ചിക്കൽ
2.ആൽബിൻ ദേവസ്യ, കണ്ണനാനിക്കൽ
3.ചിന്ന രാജൻ, അയ്യൻമൂല
4.മേഴ്സി. എം.എം

മേൽ അപാകം സംബന്ധിച്ച് 14/25-1-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് ഉപകരണം നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ്.എ വിഹിതം വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 15/22 എസ്.എസ്.എ വിഹിതം |
| അടങ്കൽ | ₹1798942 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹687000 ബിൽ നമ്പർ : 21220552011101159540/19-02-2022<br>₹211942 ബിൽ നമ്പർ : 21220552011101460082/25-03-2022<br>₹900000 ബിൽ നമ്പർ : 21220552011100140442/17-06-2021<br>ആകെ : ₹1798942 |

എസ്.എസ്.എ വിഹിതം നൽകൽ എന്ന മേൽ പ്രൊജക്റ്റ് പ്രകാരം എസ്.എസ്.എ പ്രോജക്റ്റ് ഓഫീസർക്ക് ₹1798942 മുകളിൽ കൊടുത്ത പ്രകാരം നൽകിയിട്ടുണ്ട്. ബിൽ നമ്പർ : 21220552011100140442/17-06-2021 പ്രകാരം നൽകിയ ₹900000 യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ₹898942 യുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും, 2021-22 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSA നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കുന്നതിന് 19/27.01.2023 പ്രകാരം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ മുഖാന്തരം നടപ്പിലാക്കപ്പെടുന്ന പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൈമാറിയ മുഴുവൻ തുകയ്ക്കും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-26 അതുല്യം-തുടർവിദ്യാഭ്യാസപരിപാടി അനുബന്ധ രേഖകൾ ഇല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 55/22 അതുല്യം-തുടർവിദ്യാഭ്യാസപരിപാടി |
| അടങ്കൽ | ₹100000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹98930 ബിൽ നമ്പർ : 2122055201101303572/11-03-2022 |

തുല്യത-തുടർസാക്ഷരത പരിപാടി എന്ന മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതാകോഴ്സിന് ഒരാൾക്ക് ₹1850 നിരക്കിൽ 15 പേർക്ക് ₹27750 യും ഹയർസെക്കന്ററിക്ക് ഒരാൾക്ക് ₹2500 നിരക്കിൽ 15 പേർക്ക് ₹375000 യും കേരളസാക്ഷരതാ മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. മേൽ തുകയ്ക്ക് സാക്ഷരതാമിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതിയും പത്താംതരം, പ്ലസ് വൺ തുല്യതാകോഴ്സിന് വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തതിന്റെയും പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/27-01-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവിദ്യാഭ്യാസ പരിപാടിയുടെ തുടർപ്രവർത്തനങ്ങളുടെ തുടർച്ചയായ നിരീക്ഷണവും പുരോഗതി വിലയിരുത്തലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

## 1-27 ഗവ.ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രൊജക്ട് നമ്പർ / പേര് | 38/22<br>ഗവ.ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹500000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹400000 ബിൽ നമ്പർ : 21220552014900189922/09.07.21<br>₹100000 ബിൽ നമ്പർ : 21220552014901250962/26.02.22<br>ആകെ : ₹5,00,000 |

ഗവ. ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹5,00,000 ഔഷധിക്ക് നല്കിയിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ 21220552014900189922/09.07.21 പ്രകാരം ഔഷധിക്ക് നല്കിയ ₹400000 യിൽ ₹358491 യുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. ₹41509 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. അയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/28.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 46/22<br>കേരള സാമൂഹ്യസുരക്ഷാമിഷന് കോക്ളിയാർ ഇംപ്ളാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹150000 : വികസന ഫണ്ട് – ജനറൽ<br>₹150000 : ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ : ₹300000 |
| ചെലവ് | ₹150000 ബിൽ നമ്പർ 15/21-22/30-3-2022 വികസന ഫണ്ട് – ജനറൽ |

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്ത 6 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് ₹25000 നിരക്കിൽ ആകെ ₹150000 വികസന ഫണ്ടിൽ നിന്നും കേരള സാമൂഹ്യസുരക്ഷാമിഷന് കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 13/25-1-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരം സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഐ കെ എമ്മിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ / പേര് | 2/22 | ഐ കെ എമ്മിന് വിഹിതം നൽകൽ |
| അടങ്കൽ | ₹66025 | വികസന ഫണ്ട് |
| ചെലവ് | ₹66025 | ബിൽ നമ്പർ : 16/17-6-2021 |

ഐ കെ എമ്മിന് വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹66025 ഐ കെ എമ്മിന് നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-30 വനിതാഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം - അവലോകന റിപ്പോർട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 226/22<br>വനിതാഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം |
| അടങ്കൽ | ₹650040 വികസന ഫണ്ട്<br>₹650040 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹1300080 |
| ചെലവ് | ₹293280 ബിൽ നമ്പർ : P4/22/28-3-2022<br>₹293280 ബിൽ നമ്പർ : P5/22/28-3-2022<br>ആകെ : ₹586560 |

ഗ്രാമ പഞ്ചായത്തിലെ വിവിധ വനിതാ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം 188 ഗ്രൂപ്പുകൾക്ക് 26 വീതം മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട് പ്രസ്തുത പദ്ധതി പൂർത്തീകരിച്ചതിന്റെയും ലക്ഷ്യം കൈവരിച്ചതിന്റെയും അവലോകന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം

ലൈഫ് ഭവനപദ്ധതി പ്രാകാരം 2020, 2021 വർഷങ്ങളിൽ ഭവനനിർമ്മാണം ആരംഭിച്ച് ഇതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം. | പ്രൊജക്റ്റിൻറെ പേരും നമ്പറും | ഗുണഭോക്താവിന്റെ പേര് | എഗ്രിമെൻറ് വെച്ച തിയ്യതി | ഇത് വരെ അനുവദിച്ച തുക | ബാക്കിയുള്ള തുക | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | സജിതരാജൻ, പിരാടൻ, വെള്ളൂന്നി | 6-11-20 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 2 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | റീന ചന്ദ്രൻ, എടാൻ വീട്, വെള്ളൂന്നി | 05-11-20 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 3 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | വിനീത് ടികെ, തെനിയാടൻ, വെള്ളൂന്നി | 05-11-20 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 4 | ലൈഫ് ഭവന | വത്സ,മണാലി. | 05-11-20 | 540000 | 60000 | മേൽക്കൂര, |

| | | | | | | |
|---|---|---|---|---|---|---|
| | പദ്ധതി, പട്ടികവർഗം, 125 | വെള്ളൂന്നി | | | | പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 5 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | ശ്രുതിനസുനിൽ, മണാലി. വെള്ളൂന്നി, | 05-07-21 | 420000 | 180000 | ഭിത്തി |
| 6 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം,125 | ദിൽഷ, എടാൻവീട്, ശാന്തിഗിരി | 19-01-21 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 7 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | അഞ്ജു, പി വേലേരി, ചെട്ടിയാംപറമ്പ് | 20-05-21 | 550000 | 50000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 8 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | ലതസുകുമാരൻ. തിട്ടയിൽ, ചെട്ടിയാംപറമ്പ് | 20-05-21 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 9 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | അജിതരാജു, മണാലി, വെള്ളൂന്നി | 6-11-20 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 10 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | ജിഷ്ണ കെ, മണാളി,കേളകം | 21-04-21 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |
| 11 | ലൈഫ് ഭവന പദ്ധതി, പട്ടികവർഗം, 125 | രജനി ബാബു, തെനിയാടൻ, വെള്ളൂന്നി | 6-11-20 | 540000 | 60000 | മേൽക്കൂര, പ്ലാസ്റ്ററിംഗ്, കഴിഞ്ഞു |

മേൽ ഗുണഭോക്താക്കൾ എത്രയും പെട്ടെന്ന് ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണയത്തിലെ അപാകം -₹2032 യുടെ നഷ്ടം

സെക്രട്ടറി/പ്രസിഡന്റ്, പൊൻപുലരി, സ്വാശ്രയ സംഘം, അടക്കാത്തോട് എന്നിവരുടെ ഉടമസ്ഥതയിലുള്ള 45.26 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള 8/121 B നമ്പർ കെട്ടിടത്തിന് 2021-22 സാമ്പത്തിക വർഷം നികുതി നിർണയം നടത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം നം A3-3068/19 തീയതി 21-8-2019 പ്രകാരം Group – F, Commercial വിഭാഗത്തിലുൾപ്പെടുത്തിയാണ് റഗുലറൈസ് ചെയ്തിട്ടുള്ളത്. ആയത് പ്രകാരം കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനായി നമ്പർ അനുവദിക്കുന്നതിനായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ $M^2$ന് ₹4 അടിസ്ഥാന വസ്തു നികുതി നിരക്ക് കണക്കാക്കിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. ഇപ്രകാരം നികുതി നിർണയിച്ചിട്ടുള്ളതിനാൽ വസ്തുനികുതി ഇനത്തിൽ ചുവടെ ചേർത്ത പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | വിസ്തീർണം | ഇളവ്/വർദ്ധനവ് | ഡിമാന്റ് ചെയ്ത നികുതി (ഗ്രന്ഥശാല വരി 5% ഉൾപ്പടെ) ₹4/$m^2$ | ഡിമാന്റ് ചെയ്യേണ്ട നികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹45/$m^2$ | കുറവ് |
|---|---|---|---|---|---|
| 8/121 B | 42.56 | മേഖല-ദ്വിതീയം 10%-ഇളവ് വഴി സൗകര്യം-5 മീറ്ററിൽ കൂടുതൽ - | ₹180 | ₹2212 | ₹2032 |

| | | 20% വർദ്ധനവ് | | | |
|---|---|---|---|---|---|

വസ്തുനികുതി നിർണ്ണയത്തിലെ മേൽ അപാകം സംബന്ധിച്ച് 7/23-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണയം നടത്തി നഷ്ടമായ ₹2032 ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ലോഡ്ജിംഗ് ഹൗസിന് പാർപ്പിട ആവശ്യത്തിനെന്ന തരത്തിൽ വസ്തു നികുതി നിർണ്ണയിച്ച ₹5751 യുടെ നഷ്ടം

ശ്രീ. ഷാജി ജോസഫ്, വണ്ടനാനിക്കൽ, മഞ്ഞളാംപുറം, എന്നവരുടെ താഴെ പറയുന്ന കെട്ടിടത്തിന്റെ താഴത്തെ നില വാണിജ്യ ആവശ്യമെന്ന തരത്തിലും ഒന്നാം നില പാർപ്പിട ആവശ്യത്തിനെന്ന തരത്തിലും അടിസ്ഥാന വസ്തുനികുതി നികുതി നിർണ്ണയിച്ചിട്ടുണ്ട്. നമ്പറിങ്ങിനായുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ, ഒന്നാം നിലയിൽ പ്രത്യേകം ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ 5 മുറികളും ഒരു പൊതുവായ അടുക്കളയുമുള്ള ലോഡ്ജിംഗ് ആവശ്യത്തിനായി ഉപയോഗിക്കാവുന്ന തരത്തിലാണ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ളത്. ലോഡ്ജിംഗ് ആവശ്യത്തിനെന്ന തരത്തിൽ ഒരു ചതുരശ്ര മീറ്ററിന് ₹30 അടിസ്ഥാന വസ്തുനികുതി കണക്കാക്കി നികുതി നിർണയിച്ചിട്ടില്ല. റസിഡൻഷ്യൽ ഫ്ലാറ്റുകൾ എന്ന വിഭാഗത്തിലുൾപ്പെടുത്തി ഒരു ചതുരശ്ര മീറ്ററിന് ₹4 നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിട്ടുള്ളത്.

ഫയൽ നമ്പർ : A3/3345/21 തീയതി : 23-7-2021

കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം : 278.58 ച.മീ

താഴത്തെ നില : 102.89 $M^2$ ഒന്നാം നില : 175.69 $M^2$

മേഖല : പ്രഥമം

വഴി സൗകര്യം : 5 മീറ്ററിൽ കൂടുതൽ

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ($M^2$ ൽ) | ഡിമാന്റ് ചെയ്ത വാർഷിക വസ്തുനികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹4/ച.മീ | ഡിമാന്റ് ചെയ്യേണ്ട വാർഷിക വസ്തുനികുതി (ഗ്രന്ഥശാല വരി5% ഉൾപ്പടെ) ₹30/ച.മീ ₹ | കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 12/101E | 29.27 | 149 | 1107 | 958 | വഴി സൗകര്യം-20% വർദ്ധനവ് |
| 2 | 12/101F | 29.27 | 149 | 1107 | 958 | |
| 3 | 12/101G | 58.61 | 297 | 2216 | 1919 | |
| 4 | 12/101H | 29.27 | 149 | 1107 | 958 | |
| 5 | 12/101J | 29.27 | 149 | 1107 | 958 | |
| | ആകെ | | 893 | 6644 | 5751 | |

മേൽ അപാകം സംബന്ധിച്ച് 6/23-1-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണയം നടത്തി അപാകം പരിഹരിക്കേണ്ടതും നഷ്ടമായ ₹5751 കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2021-22 | 24-1-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.11/109/2023 തീയ്യതി: 20.03.2023 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 40800 | 2021-22 | 3/22 കരനെൽകൃഷി | 40800 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | 2021-22 | 7/22 വീട്ടിലൊരു അടുക്കളത്തോട്ടം | 200000 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | 2021-22 | 56/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 200000 | ഇല്ല |
| 4 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 850000 | 2021-22 | 20/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 850000 | ഇല്ല |
| 5 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 1702937 | 2021-22 | 125/22 ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടിക വർഗ്ഗം | 1702937 | ഇല്ല |
| | ആകെ | 2993737 | | | 2993737 | |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 102790 | 2021-22 | 137/22 സാന്ത്വന പരിചരണ പരിപാടി (സ്പിൽ ഓവർ) | 102790 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 99510 | 2021-22 | 27/22 സാന്ത്വന പരിചരണ പരിപാടി | 99510 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 18400 | 2021-22 | 164/22 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് ഗിഫ്റ്റ് തിലാപ്പിയ (സ്പിൽ ഓവർ) | 18400 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 54145 | 2021-22 | 48/22 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് ഗിഫ്റ്റ് തിലാപ്പിയ | 54145 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 78561 | 2021-22 | 44/22 വീട്ടുവളപ്പിൽ മത്സ്യകൃഷി പടുതാക്കുളം | 78561 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 320000 | 2021-22 | 56/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 320000 | ഇല്ല |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 217000 | 2021-22 | 20/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 217000 | ഇല്ല |
| 13 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1150000 | 2021-22 | 141/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) | 1150000 | ഇല്ല |
| 14 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 160000 | 2021-22 | 131/22 ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടിക ജാതി | 160000 | ഇല്ല |
| 15 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 5597708 | 2021-22 | 125/22 ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടിക വർഗ്ഗം | 5597708 | ഇല്ല |
| 16 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2021-22 | 124/22 ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ | 100000 | ഇല്ല |
| 17 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1475401 | 2021-22 | 169/22 കേളകം ബസ് സ്റ്റാന്റിൽ പുതിയ ശൗചാലയ സമുച്ചയം നിർമ്മാണം | 1475401 | ഇല്ല |
| | ആകെ | 9373515 | | | 9373515 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ചെക്ക് നമ്പർ/ തീയ്യതി | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 227/22 കേളകം ഗ്രാമ പഞ്ചായത്ത് സുവർണ്ണ ജൂബിലി സ്മാരക ഗ്രീൻപാർക്ക് സ്റ്റേഡയത്തിലേക്ക് സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 656158/18-3-2022 | 103543 | പൂർത്തീ കരിച്ച | ഇല്ല |
| | | 656161/18-3-2022 | 35636 | | |
| | | ആകെ | 139179 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി. ഒ. (എം.എസ്) നം.68/ 2018/ ത.സ്വ.ഭ.വ/ 18-5-2018 | 6256440 | 5683929 | ഇല്ല | 366666 14666 | | 5302597 |
| ഇ. എം. എസ്. ഭവന പദ്ധതി | സ. ഉ. (സാ) നം. 274/2010 തീയതി. 27-01-2010 | | 95 | - | - | | 95 |
| | | | 5684024 | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 10 | 2003-04 | 3.13.17 | കാർഷികോപകരണ വിതരണം | നിലനിൽക്കുന്നു |
| 1999-00 | 12 | 2003-04 | 3.13.17 | കശുമാവ് വികസന പദ്ധതി | നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 72524915 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 71652449 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 7783 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 244480 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-12 (2-1) | 2032 | - | ശ്രീ. വിനോദ്. പി. കെ, സെക്രട്ടറി |
| 1-13 (2-2) | 5751 | - | ശ്രീ. വിനോദ്. പി. കെ, സെക്രട്ടറി |
| ആകെ | 7783 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-21 | 144000 | ഡോ. നീതു. ടി. കെ, വെറ്ററിനറി സർജൻ |
| 1-22 | 34930 | ശ്രീ. ഷാജി. സി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-23 | 65550 | ശ്രീമതി. ലക്ഷ്മികുട്ടി. പി, ICDS സൂപ്പർവൈസർ |
| ആകെ | 244480 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. വിനോദ്. പി. കെ,<br>സെക്രട്ടറി | സെക്രട്ടറി<br>പായം ഗ്രാമ പഞ്ചായത്ത് | പുതിയ മഠത്തിൽ<br>കണിച്ചാർ - പി. ഒ |
| ഡോ. നീതു. ടി. കെ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കോട്ടത്തായി | നടപ്പറമ്പിൽ<br>ഹൌസ്<br>കരണി - പി.ഒ,<br>മീനങ്ങാടി, വയനാട് |
| ശ്രീ. ഷാജി. സി,<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | വിവരം ലഭ്യമായിട്ടില്ല | വിവരം ലഭ്യമായിട്ടില്ല |
| ശ്രീമതി. ലക്ഷ്മികുട്ടി. പി,<br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ<br>കേളകം ഗ്രാമ പഞ്ചായത്ത് | പെരുഞ്ചല്ലി,<br>കാട്ടിക്കണ്ടം,<br>പയ്യാവൂര് - പി. ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 2 |
| 1998-99 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 4 |
| 1999-00 തനത് | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 3 |
| 1999-00 പദ്ധതി വിഹിതം | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 7 |
| 2000-01 പദ്ധതി വിഹിതം | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 3 |
| 2001-02 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 1 |
| 2003-04 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 7 |
| 2004-05 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 1 |
| 2007-08 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 1 |

| | | |
|---|---|---|
| 2008-09 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 3 |
| 2009-10, 2010-11 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 8 |
| 2011-12, 2012-13 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 8 |
| 2013-14, 2014-15 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 2 |
| 2015-16 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 3 |
| 2016-17 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 2 |
| 2017-18 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 3 |
| 2018-19 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /1423/2022 തീയതി. 1-11-2022 | 1 |
| 2019-20 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /436/2021 തീയതി. 26-5-2021 | 16 |
| 2020-21 | കെ. എസ്.എ/കെ.എൻ.ആർ/സി.11 /325/2022 തീയതി. 25-4-2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT & PAYMENT STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18164289.00 |
| Cash | Cash | RP-40(a) | 11509.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 928765.00 |
| 140000000 | Fees & User Charges | RP-4 | 439367.00 |
| 150000000 | Sale & Hire Charges | RP-5 | 141477.00 |
| 151000000 | Receipts from Transferred Institutions | RP-6 | 280508.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52641979.00 |
| 171000000 | Interest Earned | RP-9 | 222740.00 |
| 190000000 | Prior Period Income | RP-11 | 720.00 |
| 210000000 | Establishment Expenses | RP-12 | 260.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 8914.00 |
| 311000000 | Earmarked Funds | RP-28 | 3577.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11120286.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6037416.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4052.00 |
| 340000000 | Deposits Received | RP-33 | 130028.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-35 | 564826.00 |
| | Grand total | | 90700713.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1589530.00 |
| 220000000 | Administrative Expenses | RP-13 | 604016.00 |
| 230000000 | Operations & Maintenance | RP-14 | 447710.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 8576905.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 23114355.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 8960316.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1200.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 272230.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | -36614.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 47012.00 |
| 412000000 | Capital Work In Progress | RP-39 | 1556285.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1244349.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 1642018.00 |
| 460000000 | Loans, Advances and Deposits | RP-49 | 937177.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 78706.00 |
| 350000000 | Other Liabilities | RP-35 | 22583124.00 |

| | | | |
|---|---|---|---|
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 34130.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19048264.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 90700713.00 |

## അനുബന്ധം 4

## INCOME & EXPENDITURE STATEMENT

| Kelakam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4988264.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 667129.00 |
| 140000000 | Fee & User Charges | I-4 | 830029.00 |
| 150000000 | Sale & Hire Charges | I-5 | 188457.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 143302775.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 222740.00 |
| 180000000 | Other Income | I-9 | 4093.00 |
| 190000000 | Prior Period Income | I-19 | -17948.00 |
| | Total Income | | 150203487.00 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10 | 11031415.00 |
| 220000000 | Administrative Expenses | I-11 | 1437591.00 |
| 230000000 | Operations & Maintenance | I-12 | 1218766.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6170036.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 29544185.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 9260001.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 44764000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40576040.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 853934.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 8484335.00 |
| | Total Expenditure | | 2719926.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -435487.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 417539.00 |

## അനുബന്ധം 5

## BALANCE SHEET

| As on 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1691109.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 25472.00 |
| 312000000 | Reserves | B-3 | 79043513.00 |
| | Total Reserve & Surplus | | 80760094.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7454057.00 |
| | Total Grants, Contributions for Specific Purposes | | 7454057.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5302692.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 5302692.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1202206.00 |
| 341000000 | Deposits Works | B-8 | 6500.00 |
| 350000000 | Other Liabilities | B-9 | 826748.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2035454.00 |
| | TOTAL LIABILITIES | | 95552297.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 3085164.00 |
| 412000000 | Capital Work in Progress | B-11(b) | 3473910.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 34130.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 7097669.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 123282816.00 |
| 416000000 | Accumulated Depreciation | B-11(a) | -62083973.00 |
| | Total Fixed Assets | | 74889716.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | 0.0 | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 8250.00 |
| 431000000 | Sundry Debtors (Receivables) | B-15 | 204118.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 95.00 |
| 450000000 | Cash and Bank Balance | B-17 | 19048264.00 |
| 460000000 | Loans, Advances and Deposits | B-18 | 1401854.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 20662581.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |

| | | | |
|---|---|---|---|
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 95552297.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.